പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3056

07/11/2019-ൽ മറുപടിയ്ക്ക്

# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ചോദ്യം**

ശ്രീ.പി.ടി.എ. റഹീം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ഓരോ സ്കൂളിന്റെയും പ്രവൃത്തി ആരംഭിക്കുന്നതിന് എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിന്റെയും പ്രവൃത്തി ഏതെല്ലാം എസ്.പി.വി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്; ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി ടെണ്ടർ ചെയ്യാൻ ബാക്കിയുണ്ടോ, എങ്കിൽ വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിൽ വന്ന കാലതാമസം വിശദമാക്കാമോ?

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ), (ബി) & (സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ 5 കോടി KIIFB ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ചാത്തമംഗലം RECGHSS സ്കൂളിന്റെ നിർമ്മാണം SPV യായി KITE നെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ഏതാണ്ട് 72% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3 കോടി KIIFB ഫണ്ടിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ GHSS കുറ്റിക്കാട്ടൂർ, GHSS മാവൂർ എന്നീ സ്കൂളുകളിൽ കുറ്റിക്കാട്ടൂർ GHSS ന്റെ നിർമ്മാണത്തിനുള്ള SPV യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ SPV-യെ മാറ്റണമെന്ന KITE ന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. മാവൂർ GHSS ന്റെ DPR തയ്യാറാക്കി KIIFB യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3 കോടി KIIFB ഫണ്ടിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പെരിങ്ങളം GHSS ന്റെ നിർമ്മാണത്തിനുള്ള SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ GUPS മണ്ണാർക്കാട്, GMUPS മാവൂർ, EMSGHS പെരുമണ്ണ, GHSS നായർകുഴി, GHSS ഇരിങ്ങല്ലൂർ, GUPS കോടൽ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി KILA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha

സെക്ഷൻ ഓഫീസർ